**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **24/08/2017 -ൽ മറുപടിയ്ക്ക്.**
**നിയമസഭാ ചോദ്യം നമ്പർ 3972**
**<u>മലബാർ മേഖല മിൽമയിലെ പ്ലാന്റ് അറ്റന്റർ ഗ്രേഡ്-3 നിയമനം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
| --- | --- |
| ശ്രീ.ജോർജ് എം. തോമസ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മലബാർ മേഖല മിൽമയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അപേക്ഷ ക്ഷണിച്ച് എഴുത്തുപരീക്ഷ, കായികക്ഷമതാ പരീക്ഷ എന്നിവ നടത്തി റാങ്ക് പട്ടിക തയ്യാറാക്കിയിട്ടും പ്ലാന്റ് അറ്റന്റർ ഗ്രേഡ് 3 നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അപേക്ഷ ക്ഷണിച്ച് പ്ലാന്റ് അറ്റൻഡർ തസ്തികയിലേക്ക് മേഖലാ യൂണിയൻ എഴുത്ത് പരീക്ഷയും കായികക്ഷമതാ പരീക്ഷയും നടത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയന്റെ മോശമായ സാമ്പത്തിക സ്ഥിതി, ഓങ്ങല്ലൂർ സംഘം പ്രസിഡന്റിന്റെ പരാതി, മേഖലാ യൂണിയന്റെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടുന്നത് പരിഗണിക്കുന്ന സാഹചര്യം തുടങ്ങിയവ കണക്കിലെടുത്ത് നിയമനം നിർത്തിവയ്ക്കുന്നതിന് 1969 കേരള സഹകരണ നിയമം വകുപ്പ് 66(5) പ്രകാരം ഡയറി രജിസ്ട്രാർ നിർദ്ദേശിച്ചതനുസരിച്ചാണ് മലബാർ മേഖലാ യൂണിയന്റെ നിയമന നടപടികൾ നിർത്തി വച്ചിരിക്കുന്നത്. മേൽ സാഹചര്യത്തിലാണ് പ്ലാന്റ് അറ്റൻഡർമാരുടെ റാങ്ക് പട്ടിക തയ്യാറാക്കാത്തതും നിയമനം നടത്താതിരുന്നതും. |
| (ബി) പ്രസ്തുത റാങ്ക് പട്ടികയിലുളളവർക്ക് അടിയന്തരമായി നിയമനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ.